**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1805** **04-02-2026-ൽ മറുപടിയ്ക്ക്**

**<u>എം.എ./എം.എസ്.സി. സൈക്കോളജി ഇക്വലൻസി സർട്ടിഫിക്കറ്റ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. വി. സുമേഷ്

ശ്രീ. കെ. വി. സുമേഷ്

ശ്രീ. റോജി എം. ജോൺ

(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** കണ്ണൂർ യൂണിവേഴ്സിറ്റിയ്ക്ക് കീഴിൽ എം.എസ്.സി. ക്ലിനിക്കൽ&കൗൺസലിംഗ് സൈക്കോളജി കോഴ്സ് പഠിച്ച വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തെ മറ്റ് യൂണിവേഴ്സിറ്റികൾ എം.എ./എം.എസ്.സി. സൈക്കോളജി ഇക്വലൻസി സർട്ടിഫിക്കറ്റ് നൽകുന്നുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കണ്ണൂർ സർവ്വകലാശാലയ്ക്ക് കീഴിൽ ബി.എസ്.സി മൈക്രോബയോളജി റെഗുലർ ആയി പഠിച്ച് എം.എസ്.സി ക്ലിനിക്കൽ & കൗൺസല്ലിംഗ് സൈക്കോളജി കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക്, സൈക്കോളജി മേഖലയിൽ ഉന്നത വിദ്യാഭ്യാസത്തിനും, തൊഴിൽ ആവശ്യങ്ങൾക്കുമായി കേരള സർവ്വകലാശാലയിൽ നിന്നും നിലവിൽ എലിജിബിലിറ്റി സർട്ടിഫിക്കറ്റ് നൽകിവരുന്നു.

കണ്ണൂർ യൂണിവേഴ്സിറ്റി നടത്തി വരുന്ന എം.എസ്.സി. ക്ലിനിക്കൽ&കൗൺസലിംഗ് സൈക്കോളജി (റെഗുലർ) പ്രോഗ്രാമിന് കാലിക്കറ്റ് സർവ്വകലാശാലയുടെ എം.എസ്.സി സൈക്കോളജി പ്രോഗ്രാമുമായി തുല്യത അനുവദിച്ച നൽകുന്നുണ്ട്.

**(ബി)** ഡിഗ്രി കോഴ്സുകളിൽ സൈക്കോളജി വിഷയങ്ങൾ പഠിക്കാതെ എം.എസ്.സി. ക്ലിനിക്കൽ & കൗൺസലിംഗ് സൈക്കോളജി വിഷയങ്ങൾ പഠിച്ച വിദ്യാർത്ഥികൾക്ക് എം.എസ്.സി. സൈക്കോളജി ഇക്വലൻസി സർട്ടിഫിക്കറ്റ് കൊടുക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇക്വലൻസി സർട്ടിഫിക്കറ്റ് കൊടുക്കാത്തതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** പരാമർശിച്ച പ്രകാരമുള്ള വിദ്യാർത്ഥികൾക്ക് കേരള സർവ്വകലാശാല നിലവിൽ ഇക്വലൻസി സർട്ടിഫിക്കറ്റ് നൽകുന്നില്ല. കേരള സർവ്വകലാശാലയുടെ പ്രവേശന മാനദണ്ഡങ്ങൾ അപ്രകാരം അനുശാസിക്കുന്നില്ല.

കണ്ണൂർ യൂണിവേഴ്സിറ്റി നടത്തി വരുന്ന എം.എസ്.സി. ക്ലിനിക്കൽ&കൗൺസലിംഗ് സൈക്കോളജി (റെഗുലർ) പ്രോഗ്രാമിന് കാലിക്കറ്റ് സർവ്വകലാശാലയുടെ എം.എസ്.സി സൈക്കോളജി പ്രോഗ്രാമുമായി തുല്യത അനുവദിച്ചതിൽ, കോഴ്സിന്റെ യോഗ്യത മാനദണ്ഡം പരിഗണിക്കുന്നതിന് സർവ്വകലാശാല പഠന സമിതി നിർദ്ദേശിച്ചിട്ടില്ല.

**(സി)** ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം മതി എന്ന നോട്ടിഫിക്കേഷൻ വ്യവസ്ഥ പ്രകാരം എം.എസ്.സി. ക്ലിനിക്കൽ & കൗൺസലിംഗ് സൈക്കോളജി കോഴ്സ് പഠിച്ച് പാസ്സായ

വിദ്യർത്ഥികൾക്ക് എം.എസ്.സി./എം.എ. സൈക്കോളജി ഇക്വലൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് നടപടി സ്വീകരിക്കാമോ;

**__മറുപടി:__** ബി)-ൽ നൽകിയിരിക്കുന്നു.

**(ഡി)** മേൽപ്പറഞ്ഞ രീതിയിൽ കോഴ്സ് പൂർത്തിയാക്കി സെറ്റ് നേടിയ വിദ്യാർത്ഥികൾക്ക് ഇക്വലൻസി ഇല്ലാത്തതിനാൽ സെറ്റിന്റെ സർട്ടിഫിക്കറ്റ് എൽ.ബി.എസ്. നൽകുന്നില്ല എന്നുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവർക്ക് സെറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

**__മറുപടി:__** ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂളിന്റെയും KER -ന്റെയും അടിസ്ഥാനത്തിലാണ് പൊതു വിദ്യാഭ്യാസ വകുപ്പ് സെറ്റ് പ്രോസ്പെക്ടസ് തയ്യാറാക്കിയിട്ടുള്ളത്. സർക്കാർ അംഗീകരിച്ച പ്രസിദ്ധപ്പെടുത്തുന്ന പ്രോസ്പെക്ടസ്സ് അനുസരിച്ചും പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നുമുള്ള മാർഗനിർദ്ദേശങ്ങൾക്ക് വിധേയമായും ആണ് എൽ.ബി.എസ്. സെന്റർ സെറ്റ് നടത്തുന്നത്.

36 വിഷയങ്ങളിലാണ് സെറ്റ് പരീക്ഷ നടത്തുന്നത്. ഓരോ സെറ്റ് പരീക്ഷയ്ക്കും ഉള്ള വിഷയങ്ങൾ അതാത് സെറ്റ് പ്രോസ്പെക്ടസിൽ ക്ലോസ് നമ്പർ 2.2 -ൽ പട്ടികയായി പ്രസിദ്ധീകരിക്കാറുണ്ട്. ടി പട്ടികയിൽ നിന്നും വ്യത്യസ്തമായ വിഷയങ്ങളിൽ യോഗ്യത നേടിയ അപേക്ഷകർ സെറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായുള്ള അപേക്ഷയോടൊപ്പം, അവരുടെ യോഗ്യത, കേരളത്തിനകത്തുള്ള ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ചുകൊണ്ടുള്ള തുല്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കണം.

സെറ്റ് പ്രോസ്പെക്ടസ് ക്ലോസ് നമ്പർ 2.2 പ്രകാരം "പട്ടികയിൽ പറഞ്ഞിട്ടില്ലാത്ത വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം നേടിയവർ കേരളത്തിലെ ഏതെങ്കിലും സർവകലാശാലയിൽ നിന്നും അംഗീകാരവും തുല്യതയും തെളിയിക്കുന്ന രേഖകൾ ഹാജരാക്കണം."

ക്ലോസ് നമ്പർ 5.6 a പ്രകാരം "സെറ്റ് പ്രോസ്പെക്ടസിലെ പട്ടിക 1 -ൽ പറഞ്ഞിട്ടില്ലാത്ത വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം എടുത്തവർ കേരളത്തിലെ ഏതെങ്കിലും സർവകലാശാലയിൽ നിന്നും തുല്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കണം."

കേരളത്തിലെ പല സർവകലാശാലകളിൽ നിന്നും ഇത്തരത്തിൽ അപേക്ഷകർ തുല്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അവർക്ക് സെറ്റ് സർട്ടിഫിക്കറ്റ് അനുവദിക്ക ന്നുണ്ട്.

**(ഇ)** മേൽപ്പറഞ്ഞ വിഷയങ്ങൾ തുല്യമാണെന്ന് കാണിക്കുന്ന ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ഗവൺമെന്റ് ഓർഡർ, കണ്ണൂർ യൂണിവേഴ്സിറ്റിയുടെ ഇക്വലൻസി സർട്ടിഫിക്കറ്റ്, കേരള യൂണിവേഴ്സിറ്റിയുടെ റെക്കഗ്നിഷൻ സർട്ടിഫിക്കറ്റ് എന്നിവ വച്ച് ഇത്തരത്തിൽ ഇക്വലൻസി ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് സെറ്റ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

**__മറുപടി:__** തുല്യതാ സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ, മറ്റ് ഉത്തരവുകളുടെയോ കത്തുകളുടെയോ അടിസ്ഥാനത്തിൽ സെറ്റ് സർട്ടിഫിക്കറ്റ് അനുവദിക്കാൻ സെറ്റ് പ്രോസ്പെക്ടസ് പ്രകാരം വ്യവസ്ഥയില്ല.

**സെക്ഷൻ ഓഫീസർ**